**സിറിയയിലെ നിരായുധരായ പൗരന്മാരെ കൊന്നൊടുക്കാൻ ബശ്ശാറിന്റെ വലംകയ്യായി പ്രവർത്തിക്കുന്ന ഹിസ്ബുല്ലയുടെ ഈ ക്രൂരകൃത്യത്തിനെതിരിൽ ചെറുവിരലന ക്കാത്ത ആഗോള സമൂഹവും ഈ നരമേധത്തിനുത്തരവാദികളാണെന്ന് സിറിയ യിലെ ഇഖ്‌വാൻ നേതൃത്വം പുറപ്പെടുവിച്ച പ്രസ്താവനയിൽ ആരോപിച്ചിരുന്നു. കുവൈത്തിൽ നിന്നിറങ്ങുന്ന ജംഇയ്യത്തുൽ ഇസ്‌ലാഹ് എന്ന ഇഖ്‌വാൻ പത്രം പ്രസ്താവനയുടെ പൂർണരൂപം പ്രസിദ്ധീകരിച്ചിരുന്നു. പതിനായിരക്കണക്കിനു വ രുന്ന ഹിസ്ബുല്ല ഭീകരന്മാർ നിസ്സഹായരായ സിറിയൻ ജനതയെ കൊന്നൊടുക്കു ന്നത് നോക്കിനിൽക്കുന്ന അന്താരാഷ്ട്ര സമൂഹവും ഈ കുറ്റകൃത്യത്തിന് പങ്കാളി കളാണെന്നായിരുന്നു പ്രസ്താവനയിൽ ഇഖ്‌വാൻ നേതൃത്വം ആരോപിച്ചത്.**

# ഇസ്‌ലാമിക ലോകത്തെ ചോരയിൽ മുക്കുന്ന ഇറാൻ – ശിയഈ ഭീകരത

അബ്ദുറഹ്മാൻ ആദൃശ്ശേരി

മുസ്‌ലിംകൾ സുന്നി ശിയാ എന്ന ദ്വന്ദങ്ങളായി കഴിയുന്നു എന്നതിൽ കവിഞ്ഞ്, ശിയാഇസത്തിന്റെ തനിനിറം തിരിച്ചറിയാൻ അടുത്തകാലം വരെ മുസ്‌ലിം ലോകത്ത് കാര്യമായ ശ്രമങ്ങളൊന്നും നടത്തിയിരുന്നില്ല. സുന്നികളും ശിയാക്കളും തമ്മിൽ ആശയരംഗത്ത് ചില ശാഖാപരമായ വ്യത്യാസങ്ങൾ മാത്രമാണുള്ളതെന്നാണ് പലരും ധരിച്ചത്. ശീഈ വിശ്വാസാചാരങ്ങൾ മനസ്സിലാക്കാൻ അവരുടെ ആധികാരിക സ്രോതസ്സുകളൊന്നും സുന്നികൾക്കിടയിൽ ലഭ്യവുമല്ല. തങ്ങളുടെ യഥാർഥ വിശ്വാസാചാരങ്ങൾ ഒളിച്ച് വച്ച് സുന്നി സമൂഹങ്ങളിൽ സുന്നിയായി ചമഞ്ഞ് കഴിയുന്ന ഈ കപട നാടകത്തിന് തഖിയ്യ എന്നാണ് ശിയാക്കൾ പറയുന്നത്. അതിനാൽ അവരുടെ തനി നിറം തിരിച്ചറിയാനും സാധിക്കില്ല. ഇതെല്ലാം ശിയാഇസത്തെ സംബന്ധിച്ച യാഥാർഥ്യം തിരിച്ചറിയാതിരിക്കാൻ കാരണമായി. അതുകൊണ്ട് തന്നെ നാളിതുവരെ ശിയാക്കൾ പ്രചരിപ്പിച്ച കള്ളത്തരങ്ങൾ സുന്നികൾ അപ്പടി വിശ്വസിക്കുകയാണുണ്ടായത്.

1507ൽ ഇറാനിൽ സഫവി ഭരണം നിലവിൽ വന്നതോടെ തീയും ഇരുമ്പുമുപയോഗിച്ച് ഇറാൻ ശിയാവൽക്കരിക്കപ്പെട്ടു. പിന്നീട് ശാമിൽ നിന്നും ഏഷ്യയുടെ ഉള്ളറകളിലേക്ക് ശിയാഇസം നീങ്ങി. പിന്നീട് നൂറ്റാണ്ടുകളായി ഇതേ അവസ്ഥ തുടർന്നു.

1979–ൽ ഖുമൈനി വിപ്ലവം വിജയിച്ചതോടെ വീണ്ടും മുസ്‌ലിം ലോകം ശിയാഇസത്തിന്റെ കെടുതികൾ രുചിച്ചറിഞ്ഞു. സഫവി ഭീകരതക്കുമുമ്പിൽ 10 ലക്ഷം സുന്നികളുടെ ജീവനാണ് പൊലിഞ്ഞതെങ്കിൽ ഇറാനും ബശ്ശാറും ഹിസ്ബുല്ലയും മാലികിയും ഹൂതികളും ദശലക്ഷങ്ങളെ കൊന്നൊടുക്കുകയും മുസ്‌ലിം ലോക

ത്താകമാനം നരകം പണിയുകയും ചെയ്തു.

ഇറാൻ വിപ്ലവത്തിന്റെ ചെലവിൽ മുസ്‌ലിം രാഷ്ട്രങ്ങളിൽ വിധ്വംസക പ്രവർത്തനങ്ങളും ഭീകരതയും കയറ്റുമതി ചെയ്യാനാരംഭിച്ചു. അതേസമയം സുന്നികളെ നിഷ്ക്രിയരാക്കാൻ തഖ്‌രീബുൽ മദാഹിബ് എന്ന പേരിൽ സഹകരണത്തിന്റെ വേദികളും ഇതേ ശക്തികൾ തന്നെ ആസൂത്രണം ചെയ്തു. ഇത് ശിയാ ഭീകരതക്കെതിരെ പ്രതികരിക്കുന്നതിന് സുന്നികൾക്ക് വലിയ തടസ്സമായി. ഇറാൻ നിർമ്മിത ഭീകരതയുടെ ഏറ്റവും നല്ല ഉദാഹരണമാണ് ലെബ്‌നാനിലെ ഹിസ്ബുല്ലാ എന്ന പേരിലിറക്കിയ പിശാചിന്റെ കക്ഷി.

2005ൽ സിറിയൻ സേന ലെബ്‌നാനിൽ നിന്നും പിൻവാങ്ങിയതോടെ ഹിസ്ബുല്ലയെ നിരായുധീകരിക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. രാഷ്ട്രത്തിന്റെ ഔദ്യോഗിക സേനയേക്കാൾ സുശക്തമായ സായുധ സൈന്യങ്ങളുള്ള ഭീകര സംഘമാണ് ഹിസ്ബുല്ല. ഔദ്യോഗിക സംവിധാനങ്ങളെ നോക്കു കുത്തിയാക്കി തിരശ്ശീലക്കു പിന്നിൽ ഭരണം നിയന്ത്രിക്കുന്നത് ഈ ഭീകരകക്ഷിയാണ്.

സിറിയയിൽ ബശ്ശാറിന്റെ ഭീകരതക്കെതിരെ പ്രതികരിച്ചതിന് നിരായുധരായ ജനതയെ കശാപ്പ് ചെയ്യാൻ ലബ്‌നാനിലെ ശിയാ ഭീകരൻ ഹസൻ അബ്ദുല്ലയുടെ ഹിസ്ബുല്ലയെന്ന പൈശാചിക കക്ഷി നടത്തിയ നരനായാട്ട് ആ കക്ഷിയുടെ സാമ്രാജ്യത്വ വിരുദ്ധമെന്ന കപടമുഖം വലിച്ചുകീറുന്നതായിരുന്നു. സുന്നികളെ സിറിയയുടെ മണ്ണിൽ നിന്ന് തുടച്ചു നീക്കുവാൻ ബശ്ശാറിന് ആളും അർത്ഥവും ആയുധങ്ങളും നൽകി ഹിസ്ബുല്ലയും ഇറാനും തങ്ങളുടെ ധർമ സമരം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെയായി മൂന്ന് ലക്ഷം പേർ കൊല്ലപ്പെട്ടുവെന്നാണ് ഔദ്യോഗിക കണക്കെങ്കിലും യഥാർഥ മരണനിരക്ക് അതിലും എത്രയോ അധികമാണ്. എഴുപത്തി അഞ്ച് ലക്ഷം അഭയാർഥികളെ സൃഷ്ടിക്കുമെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടെ കണക്ക്. ആയിരക്കണക്കിന് മസ്ജിദുകളും പതിനായിരക്കണക്കിന് വീടുകളും ഹിംസ്, ഹലബ് പോലുള്ള പട്ടണങ്ങളും ഏതാണ്ട് പൂർണമായി തന്നെ തകർക്കപ്പെടുകയും ചെയ്തു. ലബനീസ് അതിർത്തിയിലുള്ള അൽ ഖുസൈറിൽ പൂർണമായും ബശ്ശാറിനെ തുണച്ചത് ഹിസ്ബുല്ലയായിരുന്നു.

മതവിരുദ്ധർക്കും മതേതര വിശ്വാസികൾക്കും എന്തും വിളിച്ചു പറയാൻ സ്വാതന്ത്ര്യമുള്ള ലെബ്‌നാനിൽ ഹിസ്ബുല്ലക്ക് ദഹിക്കാത്ത ഒരു മതവിധി നൽകിയതിന്റെ പേരിൽ ശൈഖ് അബ്ദുല്ല ഹുസൈൻ എന്ന സുന്നി പണ്ഡിതനെ ജയിലിലടക്കുകയും സുന്നികളുടെ പ്രതിഷേധ സമരത്തിനുമുമ്പിൽ പിടിച്ചു നിൽക്കാനാതെ വന്നപ്പോൾ വിട്ടയക്കുകയും ചെയ്തത് അടുത്തകാലത്താണ്. യുറോപ്യൻ യൂണിയനും മറ്റും ഭീകര സംഘടനകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ സംഘടനയാണ് ഹിസ്ബുല്ല.

"ബശ്ശാറിന്റെയും ഹിസ്ബുല്ലയുടെയും ഭികരകൃത്യങ്ങൾ നോക്കി നിന്ന ആഗോള സമൂഹത്തിന്റെ കുറ്റകരമായ മൗനത്തിന് ലഭിച്ച സമ്മാനമാണ് ഐ എസിന്റെ പ്രതിഭീകരതയെന്ന്" അറബി എഴുത്തുകാരൻ മുഹമ്മദ് കൻആൻ നിരീക്ഷിച്ചത്. 1982ൽ രംഗത്തു വന്ന ഹിസ്ബുല്ല എന്ന ഭീകര സംഘടന വിലായത്തുൽ ഫഖീഹിലധിഷ്ഠിതമായ സൈദ്ധാന്തിക അടിത്തറ നേരത്തെ തന്നെ വികസിപ്പിച്ചിരുന്നു. മേഖലയിൽ ഇറാന്റെ താൽപര്യങ്ങൾ നടപ്പാക്കുകയാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. ഹിസ്ബുല്ലയുടെ കേഡറുകൾ ഇറാന്റെ ശിയാ മത കേന്ദ്രങ്ങളുമായി ഗാഢമായ ആത്മീയ ബന്ധമാണ് പുലർത്തുന്നത്. ആയത്തുല്ലഖാംനഇയുടെ ഔദ്യോഗിക പ്രതിനിധിയാണ് സംഘത്തിന്റെ തലവൻ ഹസൻ അബ്ദുല്ല. ഹിസ്ബുല്ല അതിന്റെ പ്രവർത്തന മേഖല വിപുലീകരിച്ചത് ആഗോള മയക്കു മരുന്നു വ്യാപാരത്തിലൂടെയാണെന്നാണ് 2011 ഡിസംബറിൽ ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിച്ച ലേഖനത്തിൽ പറയുന്നത്. മനുഷ്യരെ കശാപ്പു ചെയ്യലും ജീവനോടെ തൊലിയുരിക്കലും സ്ഫോടനങ്ങൾ നടത്തലും ഭീകരപ്രവർത്തനങ്ങളാണെങ്കിൽ ഇവയെല്ലാം ഹിസ്ബുല്ലയുടെ അജണ്ടയിലെ ഏതാനും ചില പ്രവർത്തനങ്ങൾ മാത്രമാണ്.

2000-ൽ ലബ്‌നാന്റെ തെക്കൻ മേഖലയെ ഇസ്രായേൽ അധിനിവേശത്തിൽ നിന്നും മോചിപ്പിച്ചുവെന്ന ഹിസ്ബുല്ലയുടെ അവകാശവാദം ഗീബൽസിയൻ മാധ്യമതന്ത്രം മാത്രമായിരുന്നു.

ഐ എസിനെ തകർക്കുവാൻ രംഗത്തു വന്ന ആഗോള കൂട്ടുകെട്ട്, മൂന്ന് വർഷങ്ങളായി ഇറാനും ഹിസ്ബുല്ലയും ഇറാഖിലെയും യമനിലെയും ശിയാ ഭീകരരും സിറിയയിൽ നടത്തിയ കൂട്ടക്കുരുതികൾ കാഴ്ചക്കാരായി നോക്കി നിന്നു. അറബി രാഷ്ട്രങ്ങൾക്കും കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ഇന്ന് ലെബ്‌നാന്റെ അതിർത്തി കടന്ന് സഊദിയിലും ബഹ്റൈനിലും കുവൈത്തിലുമെല്ലാം ഈ ഭീകര സംഘടന നഗ്നമായ ഇടപെടലുകൾ നടത്തികൊണ്ടിരിക്കുകയാണ്. സിറിയയിൽ ബശ്ശാറിനെതിരിൽ പ്രതിപക്ഷ വിപ്ലവം ആരംഭിച്ചതു മുതൽ ലെബ്‌നാനിലും അതിന്റെ പ്രതികരണങ്ങൾ പ്രകടമാണ്. ബശ്ശാർ അധികാരത്തിൽ തുടരേണ്ടത് ഹിസ്ബുല്ലയുടെ നിലനിൽപ്പിനും അനിവാര്യമാണ്. കാരണം, അതിനെ സമ്പത്തും ആയുധങ്ങളും നല്കി വളർത്തുന്നത് ഇറാനും ബശ്ശാറുമാണ്.

2003ൽ സഊദി തലസ്ഥാനത്ത് ഭീകര സ്ഫോടനം ന

ടത്താൻ ആസൂത്രണം നടത്തിയ ഈജിപ്തുകാരൻ സൈഫുൽ അദ്‌ലിയെയും ബിൻലാദന്റെ പുത്രന്മാരെയും അഭയം നല്കി സംരക്ഷിച്ചത് ഇറാൻ വിപ്ലവഗാർഡുകളായിരുന്നു.

ഇതര രാഷ്ട്രങ്ങളുടെ സമാധാന ജീവിതം തകർത്ത് അസ്ഥിരത സൃഷ്ടിക്കുന്ന രഹസ്യ ഗ്രൂപ്പുകളെ പാലൂട്ടി വളർത്തുന്നതിൽ ഇറാന്റെ സാമർഥ്യം മറ്റാർക്കുമുണ്ടാവില്ല. ഇറാന്റെയും ഹിസ്ബുല്ലയുടെയും സംരക്ഷണത്തിലാണ് അബ്ദുല്ലാ അസ്സാം ബ്രിഗേഡിയർ, ലബ്നാനിലെ ഐനുൽഹൽവ കേന്ദ്രീകരിച്ച് യുവാക്കളെ ആകർഷിച്ചത് മേഖലയിലെ ഇറാന്റെ താൽപര്യങ്ങൾക്ക് വിഘാതമായി അവരുടെ ഭാഗത്തു നിന്ന് ഒരു നീക്കങ്ങളുമുണ്ടായിട്ടില്ല. ഇറാൻ വിപ്ലവം വിജയിച്ചതു മുതൽ മുസ്‌ലിം രാജ്യങ്ങളിലേക്ക് വിപ്ലവം കയറ്റുമതി ചെയ്യാൻ ആരംഭിച്ചു. അന്നു മുതൽ ആ രാഷ്ട്രങ്ങളുടെ സമാധാനവും നഷ്ടപ്പെടാൻ തുടങ്ങി. ഇന്ന് അറബ് രാഷ്ട്രങ്ങളിൽ നടമാടുന്ന മുഴുവൻ ഭീകര കൃത്യങ്ങളും ഇറാന്റെ സൃഷ്ടിയാണ്.

നൂരി മാലികിയുടെ ഭരണകാലത്ത് ഇറാഖിൽ നടത്തിയ സുന്നി വംശീയ ഉന്മൂല ശ്രമങ്ങളും സിറിയയിൽ ഇപ്പോഴും തുടരുന്ന നരമേധങ്ങളും ലബ്നാനിലും ബഹ്റൈനിലും നിരന്തരമായി നടത്തുന്ന പൈശാചിക കൃത്യങ്ങളും അവസാനമായി യമനിൽ ഹൂതികൾ നടത്തിയ കലാപങ്ങളും അട്ടിമറികളും ഇറാന്റെ കാർമികത്വത്തിൽ നടന്ന പൈശാചിക കൃത്യങ്ങളത്രെ. അൽഖാഇദ പോരാളികൾക്കും ബിൻലാദൻ കുടുംബത്തിനും അബുൽഗൈസ് അൽകുവൈത്തിക്കും സൈഫുൽ അദ്ൽ അൽ മിസ്‌രിക്കും തങ്ങളുടെ മണ്ണിൽ അഭയം നൽകിയത് അവരെ ഉപയോഗിച്ച് അറബ് രാഷ്ട്രങ്ങളുടെ സമാധാനം തകർക്കാനായിരുന്നു. ഖുമൈനിയുടെ വിപ്ലവം വിജയിച്ചതു മുതൽ സ്വയം പ്രതിരോധമെന്ന വ്യാജേന വിപ്ലവം കയറ്റുമതി ചെയ്തു. സുന്നി രാഷ്ട്രങ്ങളിലെ റാഡിക്കൽ സംഘടനകളെ സഹായിച്ചു കൊണ്ട് ഇറാൻ ആ നാടുകളിലെ സമാധാനം തകർക്കുകയാണ്.

മുസ്‌ലിം രാഷ്ട്രങ്ങളിലെ വഴിതെറ്റി സഞ്ചരിക്കുന്ന യുവാക്കളെ വമ്പിച്ച പ്രലോഭനങ്ങൾ നൽകി മറ്റു രാഷ്ട്രങ്ങളിൽ സ്ഫോടനങ്ങളും വിഘടന പ്രവർത്തനങ്ങളും നടത്തുവാൻ ചാവേറുകളായി ഉപയോഗിച്ചും ഇറാൻ തങ്ങളുടെ ഭീകരമുഖം വെളിവാക്കുന്നു. വ്യത്യസ്ത രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്ന ഇരുപത്തിയഞ്ചിലധികം റാഡിക്കൽ മൂവ്മെന്റുകൾക്ക് ഭീകരാക്രമണങ്ങൾ നടത്താൻ ഇറാനിൽ പരിശീലനം നൽകുകയും അവക്ക് സാമ്പത്തികവും ബൗദ്ധികവുമായ സഹായങ്ങൾ ചെയ്തുകൊടുത്തതായും തെളിയിക്കപ്പെട്ടിട്ടുണ്ട്. 1988ൽ തെഹ്റാനിലെ സഊദി എമ്പസി ആക്രമിച്ചു കീഴടക്കിയതും കുവൈത്തിലെ സഊദി എയർലൈൻസ് ഓഫീസിൽ ബോംബ് വച്ചതും. അങ്കാറയിലെ സഊദി എമ്പസിയിലെ അണ്ടർ സെക്രട്ടറിയെ ബോംബെറിഞ്ഞതും കറാച്ചിയിലെ സഊദി കോൺസുലേറ്റ് ഉദ്യോഗസ്ഥന് നേരെ ബോംബാക്രമണം നടത്തിയതും ഇറാൻ പരിശീലിപ്പിച്ചുവിട്ട 'ഇസ്‌ലാമിക വിപ്ലവകാരികളായിരുന്നു!

ബൈറൂത്തിലെ സഊദി കോൺസുലർ ജനറൽ ഹസൻ ഫറാശിനെ തട്ടിക്കൊണ്ടുപോയതും ഫ്രാങ്ക് ഫർട്ടിലെയും കുവൈത്തിലെയും കറാച്ചിയിലെയും സഊദി എയർ ലൈൻസ് ഓഫീസുകൾക്കു മുമ്പിൽ ബോംബ് സ്ഫോടനം നടത്തിയതും ലെബനാനിലെ സഊദി നയതന്ത്രജ്ഞനെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ചതും ഇറാൻ പരിശീലിപ്പിച്ച വാടക ഗുണ്ടകളായിരുന്നു. 1990ൽ തുർക്കിയിലെ സഊദി സൈനിക ഉദ്യോഗസ്ഥന്റെ വധശ്രമത്തിനു പിന്നിലും പാക്കിസ്ഥാനിൽ സഊദിയുടെ ജംബോ വിമാനത്തിൽ സ്ഫോടനം നടത്താൻ ശ്രമിച്ചതിനും തായ്‌ലാന്റിലെ സഊദി നയതന്ത്ര ഉദ്യോഗസ്ഥൻ വെടിയേറ്റ് മരിച്ചതിനും പിന്നിൽ ഇറാന്റെ കറുത്ത കരങ്ങളായിരുന്നു. 1995 ൽ അൽഖോബറിലെ അമേരിക്കൻ സൈനിക ക്യാമ്പിൽ സ്ഫോടനം നടത്തി 19 സൈനികരെ കൊലപ്പെടുത്തിയത് ഇറാൻ വിപ്ലവ ഗാർഡിലെ അഹ്മദ് ശരീഫിയായിരുന്നു. 2011ൽ പാക്കിസ്ഥാനിലെ സഊദി നയതന്ത്ര ഉദ്യോഗസ്ഥൻ ഹസൻ ഖഹ്താനിയെ വധിച്ചതിനു പിന്നിലെ കരങ്ങളും വിപ്ലവ ഗാർഡിന്റെ ചോറ്റുപട്ടാളം തന്നെയായിരുന്നു. 2011ൽ വാഷിങ്ടണിലെ സഊദി അബാസിഡറെ വധിക്കാനുള്ള ശ്രമം അമേരിക്കൻ അംഗീകൃതരുടെ സമയോജിതമായ ഇടപെടൽ മൂലം പരാജയപ്പെട്ടു. ഇറാൻ ഉദ്യോഗസ്ഥരും ഇറാൻ വംശജനായ അമേരിക്കൻ ചാരനും മെക്സിക്കോയിലെ മയക്കു മരുന്നു മാഫിയയും സംയുക്തമായി ആസൂത്രണം ചെയ്ത പദ്ധതിയാണ് തകർക്കപ്പെട്ടത്.

2012ൽ ബംഗ്ലാദേശിലെ സഊദി നയതന്ത്രജ്ഞന്റെ കൊലക്കുപിന്നിലും ഇറാൻ നിയോഗിച്ച വാടകക്കൊലയാളികളായിരുന്നു പ്രവർത്തിച്ചത്. മേഖലയിലെ സഊദി നയതന്ത്ര താൽപര്യങ്ങളെ തകർക്കാൻ യമനിലെ ഇറാൻ എമ്പസി അധോലോക ഭീകര സംഘത്തെ പരിശീലിപ്പിച്ചിരുന്നതായി യമനിലെ അഖ്ബാറുൽയൗം പത്രം റിപ്പോർട്ട് ചെയ്തിരുന്നു. ഇങ്ങനെ ഇറാന്റെ രക്ഷാകർതൃത്വത്തിൽ അറബ് ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ നടത്തുന്ന ഭീകര കൃത്യങ്ങളും കുഴപ്പങ്ങളും ഭീകര വിരുദ്ധ ചർച്ചകളിൽ ഇടം പിടിക്കാറില്ലെന്നുമാത്രം. നൂരി മാലികിയുടെ ഭരണകാലത്ത് ഇറാഖിൽ സുന്നി ഉന്മൂലനത്തിന് ഭീകര സംഘങ്ങളെ പരിശീലിപ്പിച്ചതും ആളും അർത്ഥവും നൽകി സഹായിച്ചതും ഇറാൻ വിപ്ലവഗാർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലായിരുന്നു. ഹിസ്ബുല്ലാ ഇറാഖ്, ജൈശുൽ മഹ്ദി, ഫൈലഖുൽ

ഖുദ്സ്, ഫൈലഖ് ബദർ, അസ്വാഇബു അഹ്‌ലിൽ ഹഖ്, സറായാ ഇസ്ബുദ്ദഅ്‌വ തുടങ്ങിയവ ഇതിൽ ചിലതുമാത്രം

സിറിയയിലെ നിരായുധരായ പൗരന്മാരെ കൊന്നൊടുക്കാൻ ബശ്ശാറിന്റെ വലംകയ്യായി പ്രവർത്തിക്കുന്ന ഹിസ്ബുല്ലയുടെ ഈ ക്രൂരകൃത്യത്തിനെതിരിൽ ചെറുവിരലനക്കാത്ത ആഗോള സമൂഹവും ഈ നരമേധത്തിനുത്തരവാദികളാണെന്ന് സിറിയയിലെ ഇഖ്‌വാൻ നേതൃത്വം പുറപ്പെടുവിച്ച പ്രസ്താവനയിൽ ആരോപിച്ചിരുന്നു. കുവൈത്തിൽ നിന്നിറങ്ങുന്ന ജംഇയ്യത്തുൽ ഇസ്‌ലാഹ് എന്ന ഇഖ്‌വാൻ പത്രം പ്രസ്താവനയുടെ പൂർണരൂപം പ്രസിദ്ധീകരിച്ചിരുന്നു. പതിനായിരക്കണക്കിനു വരുന്ന ഹിസ്ബുല്ല ഭീകരന്മാർ നിസ്സഹായരായ സിറിയൻ ജനതയെ കൊന്നൊടുക്കുന്നത് നോക്കിനിൽക്കുന്ന അന്താരാഷ്ട്ര സമൂഹവും ഈ കുറ്റകൃത്യത്തിന് പങ്കാളികളാണെന്നായിരുന്നു പ്രസ്താവനയിൽ ഇഖ്‌വാൻ നേതൃത്വം ആരോപിച്ചത്.

ലോകത്താകമാനം ഭീകരക്കെതിരെ ഉറഞ്ഞു തുള്ളുന്ന അന്താരാഷ്ട്ര സമൂഹം പക്ഷേ, ഇറാൻ നടത്തുന്ന ഭീകര കൃത്യങ്ങൾ കണ്ടില്ലെന്നു നടിക്കുകയാണ്. ഇറാഖിലെ ശിയാ മാലിഷ്യകളും ലെബ്നാനിലെ ഹിസ്ബുല്ലയും യമനിലെ ഹൂതികളും സ്വന്തം ജനതയെ കൊന്നുതീർക്കുന്ന ബശ്ശാറിനെയും ഭീകര വിരുദ്ധ ചർച്ചകളിൽ നിന്ന് മാറ്റി നിർത്തുകയാണ്. ഇറാന്റെ ഉപകരണങ്ങളായി പ്രവർത്തിക്കുന്ന ഇവരെല്ലാം വമ്പിച്ച രാഷ്ട്രീയ സമ്മർദ ശക്തികളായതുകൊണ്ടാണ് അന്താരാഷ്ട്ര സമൂഹം ഇവരുടെ ഭീകര കൃത്യങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നത്. ആഗോള തലത്തിൽ സ്വാധീനമുള്ള ഏതാനും ചില ശാക്തിക രാഷ്ട്രങ്ങളുടെ തീരുമാനങ്ങളാണ് അന്താരാഷ്ട്ര സമൂഹത്തിന്റെ തീരുമാനങ്ങളായി അവതരിപ്പിക്കപ്പെടുന്നത്. തങ്ങളുടെ സ്വന്തം താൽപര്യങ്ങൾക്ക് മാത്രമാണ് ഇവർ പരിഗണന നൽകുന്നത്. അതിൽ ഏറ്റവും നല്ല ഉദാഹരണമാണ് ഫലസ്തീനികൾക്കെതിരെ ഇസ്രായേൽ നടത്തുന്ന കൊടുംക്രൂരതകൾക്കു നേരെ ഇവർ പുലർത്തികൊണ്ടിരിക്കുന്ന നിസ്സംഗത. ഇറാനും ബശ്ശാറും ഹിസ്ബുല്ലയും സ്വന്തം ജനതക്കെതിരിൽ നടത്തുന്ന ക്രൂരകൃത്യങ്ങൾക്കു നേരെ മൗനമവലംബിക്കുന്നതും ഇതിന്റെ ഭാഗമാണ്. ഹുസൈൻ ബദ്റുദ്ദീൻ ഹൂതിയാണ് യമനിലെ ശിയാ ഭീകര സംഘടനയായ ഹൂതി പ്രസ്ഥാനത്തിന്റെ സ്ഥാപകൻ. 1956ൽ സഅ്ദയിൽ ജനിച്ച ഇദ്ദേഹം 1990ൽ ഹിസ്ബുൽ ഹഖ് എന്ന ശിയാ പാർട്ടി രൂപീകരിച്ചു. ഇറാനിലെ ഖുമ്മും ലബനാനും സന്ദർശിച്ചു തിരിച്ചുവന്ന ശേഷം സായുധ സംഘടനയായ ശബാബുൽ മുഅ്മിൻ രൂപീകരിച്ചു. സർക്കാറിനെതിരെ സായുധ പോരാട്ടത്തിന് നേതൃത്വം നൽകിയ ഇദ്ദേഹം 2004ൽ വധിക്കപ്പെട്ടു.

പിന്നീട് രക്തരൂഷിതമായ കലാപത്തിനൊടുവിൽ യമൻ ഹൂതികളുടെ നിയന്ത്രണത്തിലായത് വർത്തമാന ചരിത്രം. ന്യൂനപക്ഷമായ സൈദികളിൽപ്പെട്ട ന്യൂനപക്ഷമായ ഹൂതികളെ സായുധവൽക്കരിച്ചതും അവർക്ക് സൈനിക പരിശീലനം നൽകിയതും ഇറാനായിരുന്നു. ഹൂതികളുടെ പ്രവർത്തന കേന്ദ്രമായ സഅ്ദയിലേക്ക് ഇറാൻ നേരിട്ട് ആയുധങ്ങൾ എത്തിച്ചുകൊടുക്കുകയും ആഭ്യന്തര വിപണിയിൽ നിന്ന് ആയുധങ്ങൾ വാങ്ങാൻ സഹായിക്കുകയും ചെയ്യുന്നതോടൊപ്പം ഹൂതികൾക്ക് സൈനിക പരിശീലനം നൽകാൻ എരിത്രിയയിൽ സൈനിക പരിശീലന കേന്ദ്രം തന്നെ ഇറാൻ നേരിട്ടു നടത്തുന്നുണ്ട്. ഏദൻ കടലിടുക്കിൽ ഇറാന്റെ കപ്പലുകൾ ആയുധക്കടത്തുകൾക്കായി ചുറ്റിക്കറങ്ങുന്നത് റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു. യമനിലെ ഇഖ്‌വാൻകക്ഷിയായ ഹിസ്ബുൽ ഇസ്‌ലാഹിനോടും സലഫി ധാരകളോടും ശത്രുതയിൽ കഴിയുന്ന ഇടതുപക്ഷ കക്ഷികൾക്കും ഹൂതികൾക്കുമിടയിൽ രാഷ്ട്രീയ ധാരണയുണ്ടാക്കാനും ഇറാൻ മധ്യസ്ഥതയിൽ ശ്രമങ്ങൾ നടന്നു. ഇസ്‌ലാമിക ഭരണത്തിനു കീഴിൽ വരുന്നതിനു മുമ്പ് യമൻ, പേർഷ്യൻ സാമ്രാജ്യത്വത്തിന്റെ കീഴിലായിരുന്നു. തങ്ങളുടെ പഴയ കോളനിയെ തിരിച്ചുപിടിക്കുകയെന്ന അജണ്ടയും ഇറാനുണ്ട്. അതുപക്ഷേ, മാറിയ സാഹചര്യത്തിൽശിയാമതത്തിന്റെ ലേബലിലായിരുന്നു എന്നുമാത്രം. ഇറാൻ ഇസ്‌ലാമിക വിപ്ലവത്തിന്റെ തുടർച്ചയുടെ ആദ്യമാതൃകയാണ് യമനിലേതെന്നായിരുന്നു ഹൂതികളുടെ വിജയത്തെ ഇറാൻ വാർത്താഏജൻസി വിശേഷിപ്പിച്ചത്. ഹൂതി കലാപകാരികളെ നിയന്ത്രിക്കുന്നത് ഇറാൻ ഉപദേശകരാണെന്നും യമനിനെ അസ്ഥിരപ്പെടുത്താൻ ചാനലുകൾക്ക് ഇറാൻ സാമ്പത്തിക സഹായം നൽകുന്നതും ദമസ്കസ് കൈവിട്ടാൽ സൻആ പിടിച്ചെടുക്കാനാണ് ഇറാൻ ശ്രമിക്കുന്നതെന്നും ആരോപിച്ചത് അധികാരം നഷ്ടപ്പെട്ട യമൻ പ്രസിഡണ്ട് അബ്ദുറബ് മൻസൂർ ഹാദിയായിരുന്നു.

ഭൂമി ശാസ്ത്രപരമായി ഇറാനെ സംബന്ധിച്ചിടത്തോളം വളരെ തന്ത്ര പ്രധാനമായ മേഖലയായ 'ബാബുൽ മൻദബ്' കടലിടുക്കിൽ ആധിപത്യം സ്ഥാപിക്കാനായാൽ പ്രധാനപ്പെട്ട നാവിക സഞ്ചാരപാത ഇറാന്റെ നിയന്ത്രണത്തിൽവരും. അറബിക്കടലിലേക്കും ഇന്ത്യാ സമുദ്രത്തിലേക്കും ചെങ്കടലിലേക്കും ഏദൻ ഉൾക്കടലിലേക്കും നീണ്ടുകിടക്കുന്ന യമന്റെ സമുദ്രാതിർത്തികൾ ഗൾഫുമേഖലക്കുമേലുള്ള ഇറാന്റെ മോഹങ്ങളെ നടപ്പാക്കാൻ സഹായിക്കുന്നതാണ്.

തങ്ങൾ പീഡിതരാണെന്ന് പറഞ്ഞു രംഗത്തു വന്ന ഹൂതികളുടെ ഉള്ളിലിരുപ്പ് വ്യക്തമായത് 2011നു ശേഷമായിരുന്നു. 'വിലായതുൽ ഫഖീഹ്' എന്ന ശിഈപൗരോഹിത്യ വംശീയ ഭരണമാണ് തങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അവർ തുറന്നു പറഞ്ഞത് ഇക്കാലത്താ

ണ്. താരതമ്യേന മിതവാദി വിഭാഗമായ സൈദി ശീഈ വിഭാഗത്തിൽപ്പെട്ട ഹൂതികൾ തീവ്ര ഇമാമി നിലപാടിലേക്ക് കളം മാറി ചവിട്ടിയത് ബദ്റുദ്ദീൻ ഹൂതിയും മകനും ഇറാനിൽ നടത്തിയ പര്യടനത്തിനുശേഷമായിരുന്നു. പിന്നീട് മതപഠനത്തിന്റെ പേരിൽ ഇറാനിലേക്കുപോയ ചെറുപ്പക്കാർ തീവ്ര ശിയാ വിപ്ലവ ചിന്തയുമായി തിരിച്ചെത്തുകയും സർക്കാർ വിരുദ്ധ കലാപങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ഇറാനിൽ വിപ്ലവം വിജയിച്ചതു മുതൽ യമനിലേക്ക് വിപ്ലവം ഇറക്കുമതി ചെയ്യാൻ തക്കം പാർത്ത് കഴിഞ്ഞിരുന്ന ഇറാൻ തങ്ങളുടെ മോഹസ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ലഭിച്ച ഒരു സുവർണാവസരമായിരുന്നു അത്. 2004നും 2008നും ഇടയിൽ ആറ് രക്തരൂഷിതമായ കലാപങ്ങൾക്ക് ഹൂതിപോരാളികൾ നേതൃത്വം നൽകി. ഇസ്ലാഹ് പാർട്ടിയുടെയും സലഫികളുടെയും പാഠശാലകളും മസ്ജിദുകളും തകർക്കപ്പെടുകയും സൂഫി സുന്നികളുടെ കേന്ദ്രങ്ങൾ കൊള്ളയടിച്ച് പൗരാണിക കൈയെഴുത്ത് ഗ്രന്ഥങ്ങൾ നശിപ്പിക്കുകയും ചെയ്തതിൽ നിന്നും ഇവരുടെ തനിനിറം ബോധ്യമായി. നൂറ്റാണ്ടുകളായി രമ്യതയിൽ കഴിഞ്ഞിരുന്ന ഭൂരിപക്ഷശാഫി ഈ മദ്ഹബുകാരുടെ സമാധാന ജീവിതത്തെയാണ് ഇറാൻ തങ്ങളുടെ വിപ്ലവം കയറ്റുമതി ചെയ്തതോടെ തകർത്തെറിഞ്ഞത്. അമേരിക്കക്ക് നാശം 'ഇസ്രായേലിന് നാശം' എന്നീ സുന്ദര മുദ്രാവാക്യങ്ങൾ മുഴക്കി രംഗത്തുവന്ന ഇറാനിലെയും യമനിലെയും ഭീകരർ അമേരിക്കക്കും ഇസ്രായേലിനും ഒരു പോറലുമേൽപ്പിച്ചില്ലെങ്കിലും ലോകത്തെങ്ങുമുള്ള മുസ്ലിം ജനതയുടെ സമാധാനം തകർക്കുകയും രക്തക്കളങ്ങൾ സൃഷ്ടിക്കുകയും ചെയ്തുവെന്നു മാത്രമല്ല അൽഖാഇദ ഭീഷണിയുടെ പേര് പറഞ്ഞ് യമനിൽ അമേരിക്കൻ വ്യോമസേനക്കൊപ്പം ചേരുന്ന കാഴ്ചയാണ് കണ്ടത്. സദ്ദാമിനെയും താലിബാനെയും ആക്രമിക്കാനും അമേരിക്കയെ ഭൂമിയും ആകാശവും നൽകി സഹായിച്ചതും ഇതേ ഇറാൻ തന്നെ. അൽഖാഇദയുടെ പേര് പറഞ്ഞ് ഹൂതികൾക്കൊപ്പം ചേരാത്ത മുഴുവൻ ഗോത്രങ്ങളെയും ഇസ്ലാമിക സഖ്യങ്ങളെയും തകർക്കാൻ ശത്രുക്കൾക്കൊപ്പം അണി നിരക്കുകയാണിന്നവർ. ഹൂതി നേതാവ് അബ്ദുൽമലിക് അമേരിക്കൻ അധികൃതരുമായി ചർച്ചക്കായി തന്റെ പ്രതിനിധിയെ അമേരിക്കയിലേക്ക് പറഞ്ഞയക്കുകയും ചെയ്തു. ബശ്ശാറിന്റെ വംശീയ ഉന്മൂലന പരിപാടിക്കെതിരെ കണ്ണടച്ചാൽ മേഖലയിൽ അറബ് രാഷ്ട്രങ്ങൾക്ക് പകരം അമേരിക്കൻ സഖ്യത്തിന് തയ്യാറായിരിക്കുകയാണ് ഇറാൻ.

ഇപ്പോൾ യമനിലെ മുഴുവൻ ഭരണ ഘടനാ സംവിധാനങ്ങളെയും നോക്കുകുത്തിയാക്കി ഭരണം പിടിച്ചടക്കുകയും തങ്ങളുടെ പ്രതിയോഗികളെ വകവരുത്തുകയുമാണ് ഹൂതികൾ. ചുരുക്കത്തിൽ ടെഹ്റാൻ മുതൽ ലെബനാൻ വരെ നീണ്ടു കിടക്കുന്ന ബഗ്ദാദും ദമസ്കസും ഉൾപ്പെടുന്ന പ്രവിശാലമായ ശിയാ സാമ്രാജ്യമെന്ന ഇറാൻ പദ്ധതി നടപ്പിലാവുന്നതോടെ മുസ്ലിം ലോകത്തിന്റെ സമാധാനത്തിന് കനത്ത പ്രഹരമായിരിക്കും ലഭിക്കുക. സാമ്രാജ്യത്വ വിരോധമെന്ന തുറുപ്പ് ശീട്ട് കാണിച്ച് മൂന്ന് പതിറ്റാണ്ട് കാലമായി സ്വന്തം ജനതയെ കശാപ്പ് ചെയ്യുകയാണ് ഇറാനും കൂട്ടാളികളും. പരസ്പരം ഭിന്നിച്ച് കഴിയുന്ന അറബികളേക്കാൾ ഒരു രാഷ്ട്രവും ഒരു നേതൃത്വവുമുള്ള ഇറാനെ കൂടെ കൂട്ടാനാണ് ഇപ്പോൾ അമേരിക്ക ശ്രമിക്കുന്നത്. തങ്ങളുടെ ആണവ പദ്ധതിയിൽ വിട്ടുവീഴ്ച ചെയ്താലും ബശ്ശാറിന്റെ ക്രൂരതക്ക് നേരെ കണ്ണടച്ചാൽ മതിയെന്നാണ് ഇറാന്റെ നിലപാട്. ഇറാൻ ഇറാഖ് യുദ്ധവേളയിൽ ഇസ്രായേലിൽ നിന്നും നേരിട്ടു ആയുധം വാങ്ങാൻ സമ്മതിച്ച ഖുമൈനിയുടെ നിലപാടും 1986ൽ റീഗന്റെ ഉപദേഷ്ടാവായ റോബർട്ട് മാക്ഫർലിൻ തന്റെ ഇറാൻ സന്ദർശനത്തിനിടെ ആയുധകൈമാറ്റമടക്കമുള്ള 'ഇറാൻഗേറ്റ്' ഉടമ്പടിയുമെല്ലാം സാമ്രാജ്യത്വദാസ്യത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രം. സൈനിക രംഗത്തെ മേധാവിത്തം ഭാഷയിലും വിശ്വാസത്തിലുമുള്ള വൈവിധ്യം, വംശീയ വിദ്വേഷം എന്നിങ്ങനെ മൂന്ന് വിഷയത്തിൽ അയൽരാഷ്ട്രങ്ങളിൽ നിന്നും വ്യത്യസ്തമായ വ്യക്തിത്വം പുലർത്തുന്ന രാഷ്ട്രങ്ങളാണ് ഇറാനും ഇസ്രായേലും. ഇസ്ലാമിന്റെ തൗഹീദി വീക്ഷണത്തിന് നിരക്കാത്ത സഫവീ ശീഈ വിശ്വാസവും പേർഷ്യൻ ഭാഷയിലുള്ള താൽപര്യവും അറബ് വംശത്തോടുള്ള വിദ്വേഷവും ഇറാനെ സമീപ രാഷ്ട്രങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്ന ഘടകങ്ങളാണ്. പേർഷ്യൻ വംശമഹിമയിൽ അഭിരമിക്കുന്ന ഷാഹ്നാമയുടെ വക്താക്കൾക്ക് അറബ് സംസ്കാരത്തോട് പുച്ഛവും വെറുപ്പുമാണ്. ഹീബ്രു ഭാഷയിലും ഈ വംശീയതിലും അഭിരമിച്ചു കഴിയുന്ന ഇസ്രായേലും ഭാഷയിലും സംസ്കാരത്തിലും അയൽപക്ക അറബ് രാഷ്ട്രങ്ങളോട് കടുത്ത വിരോധം പുലർത്തുന്നു. ഈ വിശ്വാസം തങ്ങളുടെ പൊതുശത്രുവായ അറബികൾക്കെതിരിൽ നയതന്ത്രബന്ധം പുലർത്താൻ ഇരുകക്ഷികളെയും പ്രേരിപ്പിക്കുന്നു. അമേരിക്കൻ പൗരത്വമുള്ള ഇറാൻ വ്യാപാരി ട്രിറ്റപാർസിയുടെ ഠവല ഠൃലമരവലൃീൗ െഅഹഹശമിരല ടലരൃലേ ഉലമഹശിഴ ീള കൃമലഹ, കൃമി മിറ വേല ഡട എന്ന ഗ്രന്ഥം ഇറാൻ ഇസ്രായേൽ അമേരിക്കൻ ബന്ധത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നതാണ്. ഈ മൂന്ന് രാഷ്ട്രങ്ങളിലെ 120 ഉന്നത ഉദ്യോഗസ്ഥരെ അഭിമുഖം നടത്തി തയ്യാറാക്കിയതാണ് പ്രസ്തുത ഗ്രന്ഥം. അറബ് ഇസ്ലാമിക രാഷ്ട്രങ്ങളിലെ ഇറാൻ അജണ്ട എന്ന പ്രശസ്ത അറബ് രാഷ്ട്രീയ വിശാരദൻ ഡോ.അബ്ദുല്ല നഫീസിയുടെ ഗ്രന്ഥവും സാമ്രാജ്യത്വ വിരോധമെന്ന ഇറാന്റെ പൊയ്മുഖം വലിച്ചുകീറുന്ന ഒന്നാംതരം രചനയാണ്. ■